# 2nd Kottayam District Mini Throwball Championship 2024-25

## News Paper Cuttings

മലയാള മനോരമ

**Kottayam Edition**

**Dated on -15/12/2024**

**Page no -2**

**Column no -3**

### ത്രോബോൾ ചാംപ്യൻഷിപ് 21ന്

കോട്ടയം ● ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ് 21നു കടപ്ലാമറ്റം മേരിമാതാ സ്കൂളിൽ നടക്കും. പ്ലെയർ റജിസ്ട്രേഷനും ടീം റജിസ്ട്രേഷനും 18നു മുൻപ് www.throwballkerala.com എന്ന വെബ്സൈറ്റ് മുഖേന പൂർത്തിയാക്കണം. ഓപ്പൺ സിലക്ഷൻ ഉണ്ടായിരിക്കില്ല. ഫോൺ: 94974 65690.

ദേശാഭിമാനി

**Kottayam Edition**

**Dated On -15/12/12024**

**page No -4**

**Column no -1 &2**

# മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം**

രണ്ടാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് 21ന് കടപ്ലാമറ്റം മേരിമാതാ സ്കൂളിൽ നടത്തും. 18ന് മുമ്പായി പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഉണ്ടാവില്ല.

മാതൃഭൂമി

**Kottayam Edition**

**Dated on -15/12/2024**

**Page No -4**

**Column No -6**

# ത്രോബോൾ ചാമ്പ്യൻഷിപ്പ്

**കോട്ടയം** ▸ ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് കടപ്പാമാറ്റം മേരി മാതാ സ്കൂളിൽ 21-ാം തീയതി ശനിയാഴ്ച നടക്കും. പങ്കെടുക്കുന്നവർ 18-ന് മുൻപ് പ്ലെയർ രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. ഓപ്പൺ സെലക്ഷൻ ഇല്ലെന്നും ഭാരവാഹികൾ അറിയിച്ചു.

# ദേശാഭിമാനി

**Kottayam Edition**

**Dated on -23/12/2024**

**Page No -2**

**Column No -1,2,3,4,5**




ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ വിജയികളായ കടപ്പാമറ്റം മേരിമാതാ സ്പോർട്സ് അക്കാദമി




ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ വിജയികളായ കടപ്പാമറ്റം മേരിമാതാ സ്പോർട്സ് അക്കാദമി

■ ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

# മേരിമാതാ സ്പോർട്സ് അക്കാദമിക്ക് ഇരട്ട കിരീടം

**കോട്ടയം**

രണ്ടാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ കടപ്പാമറ്റം മേരി മാതാ സ്പോർട്സ് അക്കാദമി ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ കാഞ്ഞിരപ്പള്ളി മൈക്ക വോളി ക്ലബ് രണ്ടാമത് എത്തി. മണർകാട് ഇൻഫെന്റ് ജീസസ് എച്ച്എസ് കടപ്പാമറ്റം മേരി മാതാ പബ്ലിക് എന്നിവർ മൂന്നാംസ്ഥാനം പങ്കിട്ടു. പെൺകുട്ടികളുടെ വിഭാഗത്തിൽ പൊൻകുന്നം ശ്രേയസ് പബ്ലിക് സ്കൂൾ രണ്ടാംസ്ഥാനത്ത് എത്തിയപ്പോൾ കളത്തിപടി മരിയൻ സീനിയർ സെക്കൻഡറി സ്കൂളും മുണ്ടത്താനം എഎഫ്വിഎയും മൂന്നാംസ്ഥാനം പങ്കിട്ടെടുത്തു. ആൺകുട്ടികളുടെ വിഭാഗത്തിൽ മേരിമാതാ സ്പോർട്സ് അക്കാദമിയിലെ അഭിജിത് നികേഷും പെൺകുട്ടികളുടെ വിഭാഗത്തിൽ ശ്രേയസ് പബ്ലിക് സ്കൂളിലെ ടി ജാനകി ഊർമിള രാജനെയും മികച്ച കളിക്കാരായി തെരഞ്ഞെടുത്തു. ചാമ്പ്യൻഷിപ്പ് കടപ്പാമറ്റം മേരിമാതാ പബ്ലിക് സ്കൂൾ പ്രിൻസിപ്പൽമോബി മാത്യു ഉദ്ഘാടനംചെയ്തു. സംസ്ഥാന മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കേണ്ട കോട്ടയം ടീമിനെയും തെരഞ്ഞെടുത്തു.